# സെന്തോം ന്യൂസ്

ത്രൈമാസിക
ഒക്ടോബർ– ഡിസംബർ 2017
പുസ്തകം 16 – ലക്കം 4
(സ്വകാര്യ വിതരണത്തിനു മാത്രം)

## പത്രാധിപസമിതി

റവ.ജോൺസൺ വറുഗീസ്
(ചെയർമാൻ)
റവ.ബിനു തോമസ് (ചീഫ് എഡിറ്റർ)
ശ്രീ.മാമ്മൻ മാത്യു (കൺവീനർ)
ശ്രീ. പി.കെ.ഗീവർഗീസ്
ശ്രീ.ജോർജ് പി.തോമസ്
ശ്രീ.ദാനിയേൽ മാത്യു കെ.
ശ്രീ.പി.ജെ. ജോർജ്
ശ്രീ.സാജു ജോർജ്
ശ്രീ.ചാക്കോ വർഗീസ്
ശ്രീ. കെ.എസ്. ശമുവേൽ
ശ്രീമതി.മേരിക്കുട്ടി മത്തായി
ശ്രീമതി.മറിയാമ്മ ഏബ്രഹാം

## ഉള്ളടക്കം

❖ വികാരിയുടെ സന്ദേശം
❖ എഡിറ്റോറിയൽ
❖ സെക്രട്ടറിയുടെ കത്ത്
❖ സാധു കൊച്ചൂഞ്ഞ് ഉപദേശി അനുസ്മരണം
❖ കവിത
❖ ലേഖനം
❖ വേദപഠനം
❖ വാർത്തകൾ
❖ സഭാ പഞ്ചാംഗം
❖ ഇടവകമിഷൻ പ്രാർത്ഥനകൾ
❖ സേവികാസംഘം പ്രാർത്ഥനകൾ
❖ പ്രാർത്ഥനായോഗങ്ങൾ

*LAKA ST. THOM MAR THOMA CHURCH*
EDAYARANMULA
PH: 2317807 (O), 2319401 (Vicar)
2317025 (Asst. Vicar), 2319460 (Pakalveedu)
E-mail: lakamtc@gmail.com
Web: www.lakamtc.com

# ഇടവകവികാരിയുടെ സന്ദേശം

കർത്താവിൽ പ്രിയരെ,

ക്രിസ്തുയേശുവിൽ സ്നേഹവന്ദനം....

ഈ വർഷവും സമൃദ്ധിയായി മഴ ലഭിച്ചതിനാൽ ദൈവത്തെ സ്തുതിക്കുന്നു. ഭൂമിയും അതിന്റ പൂർണ്ണതയും, ഭൂതലവും അതിലെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു. ഒരിക്കലൂടെ ഇതോർക്കുവാൻ ദൈവം സഹായിച്ചു. എന്നാൽ വിദേശരാജ്യങ്ങളിൽ ഉണ്ടായ ചുഴലിക്കാറ്റ് ഭയാനകമായ അന്തരീക്ഷം സൃഷ്ടിച്ചു എന്നതിനു സംശയമില്ല. മ്യാൻമറിൽ നിന്നുള്ള രോഹിൻഗ്യ മുസ്ലീം സമുദായക്കാരുടെ പാലായനവും, ഭാരതസർക്കാരിന്റെ സാമ്പത്തികനയങ്ങളും, സാമൂഹികനിലപാടുകളും ഭയാശങ്കകൾഉളവാക്കുന്നുണ്ട്. ഇതെല്ലാം എന്തിനുവേണ്ടി ? ആരെ സഹായിക്കുവാൻ ?

ടോം ഉഴുന്നാലിൽ അച്ചന്റെ മോചനം പ്രതീക്ഷയുണർത്തിയെങ്കിലും മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലെ വർഗ്ഗീയാസ്വാസ്ഥ്യം ശുഭകരമല്ല. വർദ്ധിച്ചുവരുന്ന വംശീയഹത്യകളും, മതധ്വംസനങ്ങളും, ഭീകരപ്രവർത്തനങ്ങളും, ഉത്തര കൊറിയയുടെ അസഹിഷ്ണുതാപരമായ ആയുധപരീക്ഷണങ്ങളും ആഗോളതലത്തിലെ അസ്വസ്ഥതകൾ അനുദിനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. വീണ്ടും ഒരു നാഗസാക്കിയും ഹിരോഷിമയും ആവർത്തിക്കുവാൻ ആർക്കാണ് വെമ്പൽ ? ......അങ്ങനെ ദേശീയവും അന്തർദേശീയവും അനേകം പ്രതിസന്ധികൾ നമ്മുടെ രാത്രികളെ പ്രാർത്ഥനയുടെ ധൂപങ്ങളൊരുക്കുവാനുള്ള വേളകളായി മാറ്റുകയാണ്.

നമ്മുടെ രാജ്യത്തെ പ്രാദേശികമായ സാമൂഹികവും മതപരമായ ചുറ്റുപാടുകളും ആശ്വാസകരമല്ല. ചുടുനിണമൊഴുകുന്ന തെരുവുകളും, ചുറ്റിക്കറങ്ങുന്ന രാക്ഷസന്മാരും കാമവെറിയന്മാരും, ഇരുളിൽ സഞ്ചരിക്കുന്ന ഇരുട്ടിന്റെ ശക്തികളും നമ്മുടെ മലയാളമണ്ണിലും അനുദിനം വർദ്ധിച്ചുവരുന്നു. അനുസരണം നഷ്ടപ്പെട്ട തലമുറകളും, ശിക്ഷണം ഇഷ്ടപ്പെടാത്ത തലമുറകളും, മുതിർന്നവരോടും അപരരോടും ബഹുമാനമില്ലാത്ത തലമുറകളും ഏറിവരുന്നുവോ എന്നു തോന്നുമാറുള്ള സാഹചര്യങ്ങളാണിവിടെയുള്ളതും.

വിശ്വാസം നഷ്ടമാകാത്തതിനാൽ ഒരു പുതിയ ആകാശവും ഭൂമിയും വിദൂരമല്ല എന്ന് പ്രത്യാശിക്കുന്നു.

ജീവിതയാഥാർത്ഥ്യങ്ങളുടെ ഉമിത്തീയിൽ ദൈവവിശ്വാസം ഉയർത്തിപ്പിടിച്ച





ഒരു ഭക്തന്റെ അനുസ്മരണാർത്ഥവും, ഇടയാറന്മുള ദൈവദർശനങ്ങളുടെ ഇല്ലമായതിന്റെയും സ്മരണയ്ക്കായി ഒരു കൺവൻഷൻ ഒരുങ്ങുന്നു. അത് ഭക്തിനിർഭരമായ ദൈവവചനകേൾവിയുടെയും, സാക്ഷ്യാനുഭവങ്ങളുടെയും, പുനപ്രതിഷ്ഠയുടെയും വേളയായി മാറും എന്നു പ്രത്യാശിക്കുന്നു. ഏവരും പ്രാർത്ഥിക്കണം. സഹകരിച്ചു സഹായിച്ചു ഈ കൺവൻഷനെ വിജയമാക്കണം.

തലമുറകളുടെ രൂപാന്തരത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. പുതുബലമാർജ്ജിക്കാം. ദൈവം അതിന് നമ്മെ സഹായിക്കട്ടെ.

കർതൃശുശ്രൂഷയിൽ

**ജോൺസൺ അച്ചൻ**



# എഡിറ്റോറിയൽ

*ക്രിസ്തുവേശുവിൽ എല്ലാവർക്കും സ്നേഹവന്ദനം.*

സെന്തോം ന്യൂസ് നമ്മുടെ ഇടവകയുടെ പ്രവർത്തനങ്ങളിൽ വഹിക്കുന്ന പങ്കിനെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ ഇടപെടലുകൾ, കൂടിച്ചേരലുകൾ എല്ലാം വളരെ ഔപചാരികമായിപ്പോകുന്നുണ്ടോ? ഒരുകാലത്ത് മനുഷ്യൻ മുൻവിധികൾ ഇല്ലാതെ വ്യവഹരിച്ചിരുന്ന എല്ലായിടങ്ങളും ഒന്നുകിൽ മൺമറഞ്ഞുപോയിട്ടുണ്ട് അല്ലെങ്കിൽ ഔപചാരികമായിപ്പോയിട്ടുണ്ട്. അതുകൊണ്ടുതന്നെ അനൗപചാരികമായ ബദൽ ഇടം (Casual alternative space) നമ്മുടെ സാഹചര്യങ്ങളിൽ ഉണ്ടാക്കിയെടുക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്; കാരണം എല്ലാ ഔപചാരിക ഇടപെടലുകളിലും നാം ഏതെങ്കിലുമൊക്കെ അധികാരസ്വാധീനങ്ങളുടയും നടപടിക്രമങ്ങളുടെയും കീഴിൽ പ്രവർത്തിക്കുന്ന വിധേയശരീരങ്ങൾ (Docile bodies) മാത്രമായിരിക്കും. എന്നാൽ Casual space അങ്ങനെയല്ല. മനുഷ്യന്റെ സ്വാതന്ത്ര്യവും, ആകുലതകളും, കാഴ്ചപ്പാടുകളും, ബന്ധങ്ങളും, ദർശനങ്ങളും പങ്കുവെക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതാണ് അത്. യേശുക്രിസ്തു കൂടുതലും മനുഷ്യനോട് ഇടപെട്ടത് അവരുടെ അനൗപചാരികമായ അവസ്ഥകളിലാണ് (കിണറ്റിൻ കര, തടാകത്തിന്റെ അടുത്ത്, മരച്ചുവട്ടിൽ, തെരുക്കളിൽ, വഴിയിൽ......). നമ്മുടെ ഇടവക കൂട്ടങ്ങൾക്കു ഒരു അനൗപചാരികമാനം കൈവരുത്തേണ്ടതാണ്. അത് ആരാധനകളിലും കൂട്ടായ്മകളിലും രൂപപ്പെടുന്ന പങ്കുവെയ്ക്കലുകളിലൂടെ ആയിരിക്കേണ്ടതാണ്.

നമ്മുടെ ഇടവക 2017 ഒക്ടോബർ 27,28,29 തീയതികളിൽ സാധു കൊച്ചുകുഞ്ഞ് ഉപദേശി സ്മാരക കൺവൻഷൻ നടത്തുവാൻ തീരുമാനിച്ച് പ്രാർത്ഥനാപൂർവ്വം ക്രമീകരണങ്ങൾ നടത്തിവരുന്നു. ദേശത്തിന്റെ ആത്മീയഉണർവ്വിനും ഇടവകയുടെ വളർച്ചയ്ക്കും അനേകമാളുകൾക്ക് വിടുതലിനും സൗഖ്യത്തിനും കൺവൻഷൻ മുഖാന്തിരമായിത്തീരാൻ നമുക്ക് പ്രാർത്ഥിക്കാം.

കർത്താവിന്റെ കൃപ നമ്മോടുകൂടെ ഇരിക്കട്ടെ.

കർതൃശുശ്രൂഷയിൽ

ബിനു അച്ചൻ





## സ്നേഹപൂർവ്വം....

**ഒക്ടോബർ – 22 കുടുംബദിനം** ....കുടുംബം–ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ വെളിവാക്കുന്ന ഇടമാണ്....കൃപയുടെ കൂടാരമാണ്, വിശ്വാസത്തിന്റെ പാഠശാലയാണ്....ദൈവരാജ്യശീലങ്ങളുടെയും ബോധ്യങ്ങളുടെയും ഭൂമികയാണ്....ദൈവിക മാനുഷിക സഖിത്വത്തിന്റെ ഇടമാണ്......ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമാണ്......

**"ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും".** (യോശുവ 24 15)

**ഒക്ടോബർ - 27,28,29 – സാധു കൊച്ചുകുഞ്ഞു ഉപദേശി മെമ്മോറിയൽ കൺവൻഷൻ**

*"ഭൂലോകമാകെച്ചെന്നേശുവേ സാക്ഷിപ്പാൻ എന്നെ വിളിക്കുന്നെൻ സ്വർഗ്ഗതാതൻ ഇല്ലില്ലെനിക്കൊരു ശക്തിയതിന്നവൻ തൻ കൃപതന്നെന്നെപാലിച്ചിടും"*

സുവിശേഷഘോഷണത്തിന്റെ ശക്തിയും വിലയും അതു നിർവഹിക്കുന്നവരുടെ ജീവിതമാഹാത്മ്യം അനുസരിച്ചിരിക്കുന്നതിനാൽ സ്വജീവിതത്തിൽ അനുഷ്ഠിച്ച ജീവിതക്രമീകരണങ്ങളിലൂടെ അതിനു വേണ്ട ശക്തിയും ശുദ്ധിയും ദൈവകൃപമൂലം നേടിയ സാധുകൊച്ചുകുഞ്ഞു ഉപദേശിയുടെ സ്മരണയ്ക്കായി നടത്തുന്ന കൺവൻഷൻ ഇടവകയുടെയും നാടിന്റെയും ആത്മീയ ഉണർവിനും അനുഗ്രഹത്തിനും സർവ്വോപരി **യേശുനാമ മഹിമ**യ്ക്കുമായ് തീരുവാൻ ഇടവകയായി നമുക്ക് പ്രാർത്ഥിക്കാം.

**നവംബർ – 05 – അഖിലലോകസണ്ടേസ്കൂൾ ദിനം** – "കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവീൻ" എന്ന ക്രിസ്തു വചനം നമ്മെ ഓർമ്മിപ്പിക്കുന്നത് ശൈശവത്തെയും ബാല്യത്തെയുമൊക്കെ ദൈവംതമ്പുരാൻ എത്ര ഗൗരവമായി കണ്ടുവെന്നാണ്. **'കുഞ്ഞുങ്ങളെ ക്രിസ്തുവിന്റെ മൂല്യബോധത്തിലേക്ക് വളർത്തുക'** എന്നതാണ് സുവിശേഷം നമുക്ക് നല്കുന്ന നിയോഗം. നമ്മുടെ വീടുകൾ, സണ്ടേസ്കൂളുകൾ, ദേവാലയം തുടങ്ങിയ ഇടങ്ങൾ അതിനുതകട്ടെയെന്ന് പ്രാർത്ഥിക്കാം.

**ഡിസംബർ – 25 – ക്രിസ്തുമസ് ദിനം** – ക്രിസ്തുമസ് ..ലോകചരിത്രത്തിലെ നിസ്തുല്യ സംഭവം....കാലസമ്പൂർണ്ണതയിൽ തന്റെ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു.....ഇമ്മാനുവേൽ....ദൈവം നമ്മോടുകൂടെ........തിരുവചനം നൽകുന്ന ദൈവ വാഗ്ദാനത്തിന്റെ ഹൃദയഭാവം.....ലളിതവും ഒപ്പം സനാതനവുമായ ദൈവബോധം.... ദൈവം കൂടെയുണ്ട്.....

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും
അവൻ ഇമ്മാനുവേൽ എന്ന് അറിയപ്പെടും". (യെശ 7: 14).

പ്രാർത്ഥനയോടെ,

**മാമ്മൻ മാത്യു**
ഇടവക സെക്രട്ടറി

## ജീവിതം തന്നെ സുവിശേഷം, സുവിശേഷം തന്നെ ജീവിതം

ശ്രീ. അനീഷ് ബെഞ്ചമിൻ, മൂത്താംപാക്കൽ

അർത്ഥവത്തായ ഓർമ്മ ഒരു നന്ദി പ്രകടനമാണ്, ഒരു വർത്തമാനകാല സ്വാധീനമാണ്. മഹാന്മാരെ മാതൃകയാക്കിയാൽ നമ്മുടെ കാഴ്ചപ്പാടുകൾക്ക് തിരുത്തലുകൾ വരുത്തി അർത്ഥപൂർണ്ണ ജീവിതം നയിക്കാനാകും. വ്യക്തികൾക്ക് മരണമുണ്ടെങ്കിലും അവരുടെ ഓർമ്മകൾക്ക് മരണമില്ല. മാർത്തോമ്മാ സുവിശേഷസംഘത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറിയും , ഇടയാറന്മുള ളാക സെന്തോം മാർത്തോമ്മാ ഇടവകാംഗവുമായിരുന്ന മൂത്താംപാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശി, കൺവൻഷനിലുടെ അനുസ്മരിക്കപ്പെടുമ്പോൾ, കാലത്തിലൂടെയുള്ള വിശ്വാസതീർത്ഥയാത്രയിൽ ദർശനങ്ങളുടെ പുതുക്കത്തിനും സ്നേഹത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും, കരുണയുടെയും, ആത്മാർത്ഥതയുടെയും, വിശ്വാസത്തിന്റെയും ശാശ്വതമായ തണലുകൾ സൃഷ്ടിക്കുന്നതിന് ഇടയാകട്ടെ.

ഇരുപതാം നുറ്റാണ്ടിന്റെ ആദ്യദശകങ്ങൾ കേരള ക്രൈസ്തവ ചരിത്രത്തിൽ പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ച് നവീകരണ ഉൾക്കാഴ്ചകൾ സ്വീകരിച്ച് ക്രൈസ്തവ ജീവിതത്തിന് ഉണർവ്വും ഓജസ്സും ലഭ്യമായ സുവർണ്ണ കാലഘട്ടമാണ്. ഈ കാലഘട്ടത്തിലെ ചൈതന്യപൂർണ്ണമായ മുഖമാണ്, ഇടയാറന്മുള മൂത്താംപാക്കൽ സാധു കൊച്ചുകുഞ്ഞു ഉപദേശിയിൽ നാം ദർശിക്കുന്നത്. ഒരു പ്രേഷിതൻ എന്നതിലുപരി സുവിശേഷം തന്നെ ജീവിതമാക്കി നിത്യതയെ ലക്ഷ്യമാക്കി വിശ്വാസ തീർത്ഥാടനം നടത്തിയ ഒരു താപസവീരനായിരുന്നു സാധു. ആത്മീയശിക്ഷണമുള്ള നാവ്, മനസ്സലിവും ആർദ്രതയും ഉള്ള ഹൃദയം, ദൈവസന്നിധിയിൽ ഉള്ള സമ്പൂർണ്ണപ്രതിഷ്ഠ എന്നിവ സാധു കൊച്ചുകുഞ്ഞ് എന്ന സുവിശേഷപോരാളിയെ വ്യത്യസ്തനാക്കുന്നു. ഒരു സന്ദേശവാഹകൻ എന്നതിലുപരി അദ്ദേഹം ഒരു സന്ദേശമാകാനാണ് ആഗ്രഹിച്ചത്. സുവിശേഷജീവിതപാതയിൽ ലളിതജീവിതക്രമവും, ഉടലിന്റെ തൃഷ്ണകളുടെ അതിജീവനവും, സ്വയം ശൂന്യവൽക്കരണ ജീവിതശൈലിയും അദ്ദേഹം ജീവിതത്തിൽ അനുവർത്തിച്ചു. ജീവിതം അദ്ദേഹത്തിനെന്നും തിന്മകളോടുള്ള ഒരു പോരാട്ടമായിരുന്നു. സുവിശേഷവേല ഒരു  ഉപജീവനമാർഗ്ഗമായി കരുതാതെ ഒരു അതിജീവന മാർഗ്ഗമായി അദ്ദേഹം സ്വീകരിച്ചു. വ്യക്തിഗത രക്ഷാനിർണ്ണയവും ആളത്വസമർപ്പണവും, ദൈവരാജ്യവും, ന്യായവിധിയും, ക്രിസ്തുവിന്റെ രണ്ടാം വരവും ഒക്കെയായിരുന്നു ഉപദേശിയുടെ പ്രസംഗവിഷയങ്ങൾ.





ദൈവത്തെ ഒഴിവാക്കിയുള്ള സന്തോഷങ്ങൾ വ്യർത്ഥമെന്നും, വിശ്വാസവും ആശ്വാസവും ദൈവത്തിലായിരിക്കണമെന്നുള്ള സന്ദേശം അദ്ദേഹം ഉയർത്തിപ്പിടിച്ചിരുന്നു. ദൈവത്തെ ഗൗരവമായിട്ടെടുത്ത് ദൈവിക പദ്ധതികളിൽ സഹകാരികളാവാൻ അദ്ദേഹം തന്റെ ശ്രോതാക്കളെ പ്രേരിപ്പിച്ചു. ക്രിസ്തുവിനെക്കാൾ അധികമായി യാതൊന്നിനെയും സ്നേഹിക്കരുത് എന്ന പ്രമാണം ഉൾക്കൊണ്ട അദ്ദേഹം ക്രിസ്തുവിനുവേണ്ടി, തന്നെയും തനിക്കുള്ളതിനെയും സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ടാണ് സുവിശേഷവേലയിലേക്ക് കാലെടുത്തു വെച്ചത്.

സ്വർഗ്ഗീയ ഈണങ്ങളുടെ 300 – ൽ പരം ആശ്വാസ, – വിശ്വാസഗീതങ്ങൾ രചിച്ച് തപ്തഹൃദയങ്ങൾക്ക് സാന്ത്വനമേകാൻ ശ്രമിച്ച ഉപദേശിയുടെ ഗാനങ്ങളുടെ മുഖമുദ്ര സംഗീതം, വിശ്വാസം, സാഹിത്യം, ഭക്തി എന്നിവയായിരുന്നു. സന്തോഷ അവസരങ്ങളിൽ സംഗീതം ആസ്വദിക്കുന്നവർ സന്താപവേളകളിൽ ഗാനങ്ങളിലെ വരികൾ ധ്യാനവിഷയമാക്കി ആശ്വാസം നേടി വരുന്നു. ദൈവവചനമാന്ന് ക്രൈസ്തവ ജീവിതത്തിന്റെ അടിത്തറ എന്ന ഉറപ്പോടെ തന്റെ ഗാനങ്ങളുടെ പശ്ചാത്തലം വേദപുസ്തകത്തിലാണു കണ്ടെത്തിയിരുന്നത്. സ്വന്തം വിശപ്പും ദാഹവും എന്ന ഭൗതിക ആവശ്യത്തിനപ്പുറം അപരന്റെ വിശപ്പും ദാഹവും എന്ന ആത്മീയ ആവശ്യത്തെ ഗൗരവമായി പരിഗണിച്ചിരുന്ന അദ്ദേഹം ആരെയെങ്കിലും ഊട്ടിയതും ശുശ്രൂഷിച്ചതും, ഉടുപ്പിച്ചതും മാത്രമേ സ്വർഗ്ഗീയ കണക്കുപുസ്തകത്തിൽ രേഖപ്പെടുത്തപ്പെടുകയുള്ളു എന്ന് പ്രഘോഷിച്ചിരുന്നു. അതിന്റെ പ്രതിഫലങ്ങളായിരുന്നു അദ്ദേഹം അക്കാലത്ത് രൂപം കൊടുത്ത സൗജന്യ സ്കൂൾ, അനാഥശാലകൾ തുടങ്ങിയ ജീവകാരുണ്യപ്രവർത്തനങ്ങൾ. സാധാരണ ക്രിസ്ത്യാനികൾക്കപ്പുറം പരമാർത്ഥക്രിസ്ത്യാനികളെക്കൊണ്ട് ദൈവസഭകൾ നിറയപ്പെടണം എന്ന് സാധു ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. രക്ഷിക്കപ്പെട്ടവർ അടയാളങ്ങളുടെ സമൃദ്ധികൊണ്ട് ആഘോഷിക്കേണ്ട വിശുദ്ധകൂദാശകളായി സ്നേഹപ്രവർത്തികൾ രുപപ്പെടേണം എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

ദീർഘമായ ആദ്ധ്യാത്മികസപര്യയിലൂടെ ജീവിതത്തിന്റെ ആഴവും അർത്ഥവും കണ്ടെത്തിയ ഋഷി പ്രഭാവനും, സാമൂഹിക പരിഷ്കർത്താവും, താപസശ്രേഷ്ഠനും ആയ സാധു കൊച്ചുകുഞ്ഞുപദേശിയുടെ ജിവിതവും പ്രവർത്തനങ്ങളും ഇന്ന് അനേകർക്ക് പഠന – ഗവേഷണവിഷയവും വെല്ലുവിളിയുമാണ്. ജീവിതസാഫല്യമെന്നവണ്ണം മരണത്തെ നിദ്രയുടെ പ്രത്യാശയോടെ വരവേറ്റ അദ്ദേഹം, ആകാശഗോളങ്ങൾക്കപ്പുറമുള്ള നിത്യതുറമുഖത്ത് കർത്താവിനെ എതിരേൽപ്പാൻ പോയിരിക്കു

ന്നു. വാക്കിനെ വാചകമാക്കിയും, ചിന്തയെ ധ്യാനമാക്കിയും, കർമ്മത്തെ കൂദാശയാക്കിയും, സ്വന്തമാക്കിയ കർത്താവിനെ സമസൃഷ്ടികൾക്കായി പങ്കു വെച്ചും, അനുകരിക്കുവാൻ പറ്റിയ സുവിശേഷമാതൃകകൾ നല്കിയും ആ ധന്യജീവിതം വിടചൊല്ലി, ഭക്തമനസ്സുകളിൽ സാക്ഷ്യജീവിതത്തിന്റെ സജീവ സ്മരണ നിലനിർത്തിക്കൊണ്ട്.

# പാപത്തിന്റെ ഭീകരത

ററി.സി. തോമസ്, വെമ്മേലിൽ തടത്തിൽ

**പാപം എന്ന് പറയുമ്പോൾ തോന്നിടും**
**പാപം വെറുമൊരു പാവമെന്ന്..**
**പാപം ഭയങ്കര പാമ്പിൻ വിഷം പോലെ**
**പാരിൽ മനുഷ്യരെ കൊന്നിടുന്നു.**
**പാപത്തെ പാലുപോൽ മോന്തിക്കുടിക്കുന്ന**
**പാവം മനുഷ്യനറിയുന്നില്ല**
**പാമ്പിനെ സ്നേഹിക്കും പാമ്പാട്ടിപോലിന്ന്**
**പാമ്പിൻ കടിയേറ്റു മരിച്ചിടുന്നു**
**വെള്ളത്തിൽ ജീവിക്കും മത്സ്യമറിയുന്നില്ല**
**വെള്ളം തണുപ്പാണെന്നുപോലും..**
**പാപത്തിൽ ജീവിക്കും മനുഷ്യരെങ്ങനെ**
**പാപത്തിൻ ഭീകരതയറിഞ്ഞിടുവാൻ.**
**പാപത്തെ ജയിക്കുവാൻ എന്തു നാം ചെയ്യണം**
**ഒന്നും മുടക്കില്ല.. ഒന്നും മുടങ്ങില്ല..**
**പൂർണമാം സമർപ്പണം ഒന്നു മാത്രം മതി**
**പാപവിമോചകന്റെ സന്നിധിയിൽ**

*"വണ്ണം പെരുത്താലും മണ്ണിന്നിരയാകും*
*കണ്ണിന്റെ ഭംഗിയും മായ മായ*
*കൊട്ടാരമായാലും വിട്ടു മതിയാവൂ*
*കോട്ടയ്ക്കകത്തേക്കും മൃത്യു ചെല്ലും"*

സാധു കൊച്ചുകുഞ്ഞ് ഉപദേശി





# ഉയിർക്കപ്പെടാതെ പോകുന്ന ക്രൂശീകരണങ്ങൾ

**സജു പാറയിൽ**

ഇവർ ചെയ്യുന്നത് ഇന്നതെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ. ക്രിസ്തുദേവന്റെ പീഢാനുഭവപരകോടിയിൽ പിതാവിനോടുള്ള പ്രാർത്ഥന. ക്രൂശിതനായി മരിച്ച് അടക്കപ്പെട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് സ്വർഗത്തിലേക്ക് കരേറിയ ദൈവപുത്രന്റെ ദൈന്യതയുടെ വാക്കുകളല്ല. മറിച്ച്, പിതാവാം ദൈവത്തിന്റെ പുത്രൻ തന്റെ ദൗത്യപൂർത്തീകരണനിമിഷങ്ങളിലും, ഒഴിച്ചുകൂടാൻ കഴിയാത്ത കഠിനവേദനയുടെ പാനപാത്രം പൂർണ്ണമനസ്സോടെ സ്വീകരിക്കുമ്പോഴും- ഇതൊന്നും കുറ്റത്തിനും ശിക്ഷാവിധിക്കുമായി ത്തീരാതിരിക്കാനുള്ള പരിശുദ്ധാത്മ പ്രാർത്ഥന. 2017 വർഷങ്ങൾക്കുമുമ്പ് ഗാഗുൽത്തായിൽ മുറിക്കപ്പെടുകയും ചിന്തപ്പെടുകയും ചെയ്ത തിരുശരീര രക്തങ്ങൾ ഇന്നും അനേകർക്ക് പാപമോചനത്തിനായി നൽകപ്പെടുമ്പോഴും അറിയാതെ പോകുന്ന പ്രാർത്ഥനയായി അവശേഷിക്കുന്നുവോ?

പിതാവിന്റെ ഇഛയ്ക്കനുസൃതമായി പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ച് കന്യകമറിയാമിൽ നിന്ന് മനുഷ്യനായി ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന യേശു. രാജകുമാരന്റെ പിറവി അന്വേഷിച്ച് വിദ്വാന്മാരും ശാസ്ത്രിമാരും രാജകൊട്ടാരത്തിലെത്തി. പിറവിയിൽത്തന്നെ മരണപ്പെടേണ്ട രാജ്യതന്ത്രജ്ഞതയെ മറികടക്കാൻ അവർക്ക് മടക്കയാത്ര മറുവഴിയിലൂടെയാക്കേണ്ടി വന്നു. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം എന്ന് വാഴ്ത്തിപ്പാടിയ ദൂതഗണങ്ങൾ. ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന പരിശുദ്ധാത്മപ്രവേശം. ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന കുഞ്ഞാടെന്ന പ്രവാചകശബ്ദം. അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻ യോഗ്യതയില്ലെന്ന സ്വയബോധത്തെ അന്വർത്ഥമാക്കിയ ദൈവനിയോഗം- യോഹന്നാനാൽ സ്നാനമേറ്റു. പഴയനിയമകാലത്തിൽ ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിന്റെ ശിലയായിരുന്ന ന്യായപ്രമാണതത്വങ്ങളെ തങ്ങളുടെ ജനത്തിനു വിവക്ഷിച്ചുനൽകിയിരുന്ന ശാസ്ത്രിമാരും അതെല്ലാം കൃത്യമായി നടപ്പാക്കിയിരുന്നുവെന്നവകാശപ്പെടുന്ന പരീശന്മാരും - അവരുടെ ചിന്തകളിലും പ്രവർത്തികളിലുമുള്ള അന്തരം ചോദ്യം ചെയ്ത 12 വയസുകാരൻ , തച്ചന്റെ മകൻ. രാഷ്ട്രീയമായ താല്പര്യങ്ങളുടെ അന്ധതയിൽ ഭൂരിപക്ഷാഭിപ്രായത്തിന്റെ സമ്മർദ്ദത്തിൽ വിശുദ്ധരക്തത്തിൽ പങ്കില്ലെന്ന് കൈകഴുകിയൊഴിഞ്ഞ അധികാരവർഗത്തിന്റെ പ്രതിരൂപകങ്ങൾക്ക്

സുബോധത്തിന്റെ ആത്മാവ് നഷ്ടപ്പെട്ടപ്പോൾ ക്രൂശിതനായ വലത്തുഭാഗത്തെ കള്ളൻ പറുദീസായിലേക്കുയർത്തപ്പെട്ടു. മുപ്പത്തിരണ്ടര വർഷക്കാലത്തെ ആയുസ്സിൽ മൂന്നര വർഷക്കാലത്തെ ദൈവനിയോഗശുശ്രൂഷ.

അറുക്കപ്പെട്ട കുഞ്ഞാടിന്റെ തിരുശരീരരക്തത്തിന്റെ അന്നപാനീയങ്ങളിലൂടെ പാപമോചനവും നിങ്ങൾക്കുവേണ്ടി ഒരുക്കപ്പെടുന്ന സ്വർഗീയ ഭവനങ്ങളുടെ വാസത്തിനായി ചേർത്തുകൊള്ളുന്നതിനുവേണ്ടിയുള്ള രണ്ടാം വരവും - ക്രിസ്തീയവിശ്വാസവും പ്രത്യാശയും. സമാനതകളില്ലാത്ത മതബോധം, ലോകചരിത്രത്തിന്റെ കാലങ്ങൾക്ക് തുടക്കമിട്ടിട്ട് 2017 വർഷങ്ങൾ. വർത്തമാന ജീവിതസാഹചര്യങ്ങളിൽ ഒരുപക്ഷെ സമാനമായതെല്ലാം ആവർത്തിക്കപ്പെടുന്നുവോ? കണ്ണുനീരിന്റെയും ദുഖത്തിന്റെയും ദുരനുഭവങ്ങൾക്ക് തീവ്രതയേറ്റുന്നു വിധികർത്താക്കളുടെ വിളയാട്ടങ്ങൾ. നേടിയെടുത്തതിന്റെയെല്ലാം പട്ടികനിരത്തി അവർ സ്വയം പൂജ്യരാകുമ്പോൾ, കെട്ടിപ്പടുത്തതെല്ലാം നഷ്ടപ്പെടാതെ കൊട്ടിയടയ്ക്കാൻ വൃഥാ ശ്രമിക്കുന്നു. ദൈവദാനങ്ങൾക്കുമപ്പുറം സ്വപ്രയത്നത്തിന്റെ മെച്ചങ്ങൾ മിച്ചമായി കണക്കാക്കപ്പെടുമ്പോൾ സമ്പാദ്യങ്ങൾ ബാധ്യതകളായിത്തീരുന്ന ദുരവസ്ഥ. തലമുറകൾ പകർന്നു നൽകിയ ദൈവനിയോഗങ്ങൾ ഇന്ന് ലക്ഷ്യം പിഴയ്ക്കുന്നുവോ? നേട്ടങ്ങൾ കോട്ടങ്ങളായി ഭവിക്കുന്നുവോ? ഒട്ടകം സൂചിക്കുഴയിൽക്കൂടി കടക്കുകയെന്ന വെല്ലുവിളിയെ യഥാസ്ഥാനപ്പെടുത്തി ധനവാന്റെ പ്രകടനങ്ങൾ ഉച്ചസ്ഥായിയിലെത്തിയിരിക്കുന്നുവോ? സക്കായിയെ ധനവാനാക്കിയ, അനാദരവിന്റെ നിറകുടമാക്കിയ ചുറ്റുപാടിന് യേശുവിന്റെ പ്രവേശനത്തിലൂടെ രക്ഷ വന്നിരിക്കുമ്പോൾ പിറുപിറുപ്പുകൾ ഉയരുന്നു. ഇന്നും മാറ്റമില്ലാത്ത പിറുപിറുപ്പിന്റെ വല്ലാത്ത അസ്വസ്ഥതകൾ. അത് വേദനിപ്പിക്കുന്നു, പീഢിപ്പിക്കുന്നു - ദൈന്യതയില്ലാതെ.

മരണകരമായ ജീവിതാനുഭവങ്ങളുടെ നടുവിൽ നയിക്കപ്പെടുന്ന നിമിഷങ്ങൾക്ക് വല്ലാത്ത ദൈർഘ്യം അനുഭവമാകുന്നുവോ? പച്ചയായ സത്യങ്ങളുടെ, സ്നേഹശൂന്യതയുടെ ക്രൂശീകരിക്കപ്പെടുന്ന വേദനകൾ ഉയിർക്കപ്പെടാതെപോകുന്നു. ജീവൻ ദൈവദാനം, ജീവിതം ദൈവോദ്ദേശത്തിന്റെ പൂർത്തീകരണത്തിനുള്ള സമയം. ന്യായവിധിക്കുവേണ്ടിയുള്ള ഒരുക്കപ്പെടലിനായി മടക്കയാത്രയായി മരണവും. ഇഹലോകജീവിതത്തിന്റെ സത്യങ്ങളെ സ്വാംശീകരിച്ചു ദൈവഹിതം ഇന്നതെന്നു തിരിച്ചറിഞ്ഞു ക്രിസ്തീയ വിശ്വാസത്തിന്റെ ശരിയായ പകർച്ചക്കാരായി മാറി തങ്ങളുടെ തലമുറകളെ ദൈവബോധത്തിൽ കരം പിടിച്ചുനടത്തുവാൻ ഏവർക്കും കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ●





# വേദപഠനം



വർഗീസ് ചെറിയാൻ, ചക്കിട്ടമലയിൽ രാജ് വില്ല

( ഈ ലക്കവും മത്തായിയുടെ സുവിശേഷം കേന്ദ്രീകരിച്ച് ചോദ്യങ്ങൾ ചേർക്കുന്നു. ഉത്തരങ്ങൾ റഫറൻസ് സഹിതം 30 ദിവസങ്ങൾക്കകം നേരിട്ടോ, ഇടവക ഓഫീസിലോ ഏല്പിക്കുക.)

1. "എല്ലാം നൂറ് മടങ്ങ് ലഭിക്കും " എന്ന് പറഞ്ഞവന് എന്ത് അവകാശമാക്കും എന്നു പറഞ്ഞു ?
2. "ദൈവരാജ്യത്തിൽ തന്റെ മക്കളിൽ ഒരുവൻ വലത്തും, ഒരുവൻ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്യേണമേ" എന്നപേക്ഷിച്ച സ്ത്രീ ആര് ?
3. 'നീതിമാർഗം ഉപദേശിക്കുന്നവൻ' എന്ന് വിശേഷിപ്പിച്ചത് ആരെ ?
4. 'വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് ' - വേദപുസ്തകത്തിൽ പല ഭാഗത്തും ഈ വാക്യം ആവർത്തിക്കുന്നു. എവിടെയെല്ലാം ?
5. മൂലക്കല്ലായി തീർന്നിരിക്കുന്ന കല്ലിന്റെ തകർക്കുന്ന അവസ്ഥാവിശേഷം വർണ്ണിക്കുന്നത് എങ്ങനെ ?
6. മത്താ.21:33 - 41 വരെയുള്ള മുന്തിരിത്തോട്ടത്തിന്റെ ഉപമയിൽ (ഉപമ സ്വർഗീയ അർത്ഥമുള്ളത് ) പറയുന്ന പേരുകൾ എന്തിനെയെല്ലാം പ്രതിനിധീകരിക്കുന്നു ? പേരുകൾ: ഗൃഹസ്ഥനായ മനുഷ്യൻ, മുന്തിരിത്തോട്ടം, കുടിയാന്മാർ, ദാസന്മാർ, മകൻ -
7. കല്യാണവിരുന്നിന്റെ ഉപമയിൽ വഴിത്തലയ്ക്കൽ കാണുന്നവരെ ഒക്കെയും ക്ഷണിക്കുവാൻ നിയോഗിച്ചത് എന്തുകൊണ്ട് ?
8. "ഇവനെ കയ്യും, കാലും കെട്ടി ഏറ്റവും പുറത്തെ ഇരുട്ടിൽ തള്ളിക്കളയുവാൻ " രാജാവ് കല്പിച്ചത് എന്തുകൊണ്ട് ?
9. കൈസർക്ക് കരം കൊടുക്കുന്നത് വിഹിതമോ എന്ന് ചോദിച്ചവർക്ക് ആശ്ചര്യപ്പെടുമാറ് യേശു നൽകിയ മറുപടി എന്ത് ?
10. പുനരുത്ഥാനജീവിതത്തിലെ വിവാഹജീവിതത്തെക്കുറിച്ച് കുടുക്ക് ചോദ്യം ചോദിച്ച സദൂക്യർക്ക് യേശു നൽകിയ വിസമയിപ്പിക്കുന്ന മറുപടി എന്ത് ?
11. ന്യായപ്രമാണത്തിലെ ഏത് കല്പന വലിയത് എന്ന് വൈദികനായ പരീശന്റെ ചോദ്യത്തിന് യേശു നൽകിയ മറുപടി എന്ത് ? ആ മറുപടിയുടെ സാരാംശം എന്ത് ?
12. മോശയുടെ പീഠത്തിൽ ഇരിക്കുന്നവർ ആര് ?
13. യേശു പരീശന്മാരുടെയും ശാസ്ത്രിമാരുടെയും പ്രവൃത്തികളെ

ചൂണ്ടിക്കാണിക്കുന്നത് എന്തെല്ലാം ? ചിലത് എഴുതുക.

14. യേശു ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാരോട് യുഗാന്ത്യത്തെക്കുറിച്ച് പ്രവചിച്ച ദൂതുകൾ ഏവ ? വേദഭാഗം മാത്രം എഴുതുക.
15. താലന്തുകളുടെ ഉപമയിൽ യജമാനൻ കണക്ക് തീർത്തപ്പോൾ അഞ്ച് താലന്തും, രണ്ട് താലന്തും ലഭിച്ച് വ്യാപാരം ചെയ്തവരോട് അഭിനന്ദനവാക്കുകൾ പറഞ്ഞത് എങ്ങനെ ?
16. മനുഷ്യപുത്രൻ തേജസിന്റെ സിംഹാസനത്തിലിരുന്ന് ന്യായം വിധിക്കുമ്പോൾ നിത്യദണ്ഡനത്തിനും, നിത്യജീവങ്കലേക്കും പോകുന്നവർ ആരെല്ലാം ?
17. ബഥാന്യയിൽ ശിമോന്റെ വീട്ടിൽ യേശുവിനെ തൈലം പൂശിയ സ്ത്രീയെ യേശു പ്രശംസിച്ചത് എങ്ങനെ ?
18. നിങ്ങൾ എന്ത് തരും ? ഞാൻ അവനെ കാണിച്ചുതരാം ? ആര് ? ആരോട് പറഞ്ഞു ?
19. "നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല" എന്ന് പറഞ്ഞത് ആരെല്ലാം ?
20. "ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ, നാഴിക അടുത്തു " യേശു എവിടെ വച്ച് ഇതു പറഞ്ഞു ?

## കഴിഞ്ഞ ലക്കം (ജൂലൈ – സെപ്റ്റംബർ 2017) വേദപഠനം ഉത്തരങ്ങൾ

1. സെബദിയുടെ മകൻ യാക്കോബ് & അൽഫായുടെ മകൻ യാക്കോബ് പത്രൊസ് എന്നു പേരുള്ള ശിമോൻ & കനാന്യനായ യൂദ എന്ന ശിമോൻ
മത്താ.10:2-3, മർക്കൊ.3:16-18
2. യോഹന്നാൻ സ്നാപകന്റെ നാളുകൾ മുതൽ, ഇത് ആത്മീയ ബലത്തെ കാണിക്കുന്നു - 11:12
3. ആ പട്ടണങ്ങൾ മാനസാന്തരപ്പെടായ്കയാൽ ശാസിച്ചു - 11:20,24
4. നല്ല മനുഷ്യൻ - 12:35
5. മനുഷ്യർ പറയുന്ന ഏത് നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടിവരും - 12:36
6. വഴിയരികെ, പാറസ്ഥലത്ത് , മുള്ളിനിടയിൽ, നല്ല നിലത്ത് - 13:3-9
7. ദോഷവും, വ്യഭിചാരവുമുള്ള തലമുറ അടയാളം അന്വേഷിക്കുന്നു യോനാ പ്രവാചകന്റെ അടയാളം അല്ലാതെ അതിന് അടയാളം ലഭിക്കയില്ല മനുഷ്യപുത്രന്റെ മരണവും, പുനരുത്ഥാനവും വ്യക്തമാക്കി - 12:39-40
8. ഇടപ്രഭുവായ ഹെരോദാവ് - 14:2





9. പരീശന്മാരെക്കുറിച്ച് - 15:12-14
10. അവരുടെ ദുരുപദേശം - 16:12
11. "നീ ചെന്ന് നീയും അവനും മാത്രമുള്ളപ്പോൾ കുറ്റം അവനെ ബോധ്യം വരുത്തുക. അവൻ നിന്റെ വാക്ക് കേട്ടാൽ നീ അവനെ നേടി " - 18:15-17
12. മോശയും, ഏലിയാവും - 17:3
13. "പുനർജീവിതത്തിൽ മനുഷ്യപുത്രൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ട് സിംഹാസനത്തിൽ ഇരുന്ന് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും" - 19:28
14. സ്വർഗസ്ഥനായ എന്റെ പിതാവ് അങ്ങനെതന്നെ നിങ്ങളോടും ചെയ്യും - 18:35
15. 1. അമ്മയുടെ ഗർഭത്തിൽ നിന്നു ഷണ്ഡന്മാരായി ജനിച്ചവർ
2. മനുഷ്യർ ഷണ്ഡന്മാരാക്കിയവർ
3. സ്വർഗരാജ്യം നിമിത്തം തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയവർ - 19:12
16. എന്തെങ്കിലും നന്മ ചെയ്താൽ നിത്യജീവൻ ലഭിക്കും എന്ന് കരുതി നിഗളിയായി വന്ന യുവാവിന്റെ കുറവുകളെ യേശു ചൂണ്ടിക്കാണിച്ചപ്പോൾ അത് അനുസരിക്കുന്നതിനു പകരം വചനം കേട്ട് ദുഖിച്ചുപോയി - 19:16-22
17. സീയോൻ പുത്രിയോട് ഇതാ നിന്റെ രാജാവ് സൗമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു...എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തത് നിവൃത്തിയായി - 21:4
18. ഇപ്പോൾ രക്ഷിക്കേണമേ - 21:9
19. യോഹന്നാന്റെ സ്നാനം എവിടെനിന്ന് ? സ്വർഗത്തിൽ നിന്നോ, മനുഷ്യരിൽ നിന്നോ ? എന്ന ചോദ്യത്തിന് മറുപടി നൽകിയതാണ് - 21:17
20. വീട് പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു. ഇത് കർത്താവിനാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു.
മത്താ.21:16-17, 21:42, 22:31,

## കഴിഞ്ഞലക്കം വേദപഠനം ശരിയുത്തരം നൽകിയവർ

**1.** അന്നമ്മ തോമസ്, ഇടത്തിമലയിൽ **2.** പി.പി. ശമുവേൽ, ഇരപ്പൻകാലായിൽ **3.** പുഷ്പ മാത്യു, ആനിക്കാട്ട് താന്നിക്കുന്നിൽ **4.** വൽസമ്മ മാത്യു, ചക്കിട്ടവടക്കേൽ ജെനി വില്ല. **5.** വിൻസി തോമസ്, ആനിക്കാട്ട് സ്മിതാ ഭവൻ **6.** അന്നമ്മ മാത്യൂസ്, ചക്കിട്ടമലയിൽ മാത്യൂസ് കോട്ടേജ് **7.** അന്നമ്മ ചെറിയാൻ, അണ്ടത്തേത്ത് **8.** ഡാലി അന്ന ദാനിയേൽ, മേക്കോൺ ഡാലി ഭവൻ **9.** വർഗീസ് ഏബ്രഹാം, വള്ളിയുഴത്തിൽ **10.** ഏലിയാമ്മ തോമസ്, അണ്ടത്തേത്ത്

## ഇടവകമിഷൻ

- എല്ലാ ചൊവ്വാഴ്ചയും ഇടവകമിഷൻ - സേവികേസംഘം സംയുക്ത മദ്ധ്യസ്ഥപ്രാർത്ഥന പള്ളിയിൽ രാവിലെ 10.30 - ന്

## സേവികാസംഘം

- എല്ലാ ചൊവ്വാഴ്ചയും മദ്ധ്യസ്ഥപ്രാർത്ഥന രാവിലെ 10.30 - ന് പള്ളിയിൽ
- എല്ലാ നാലാം വെള്ളിയാഴ്ചയും സേവികാസംഘം സംയുക്തമീറ്റിംഗ് പള്ളിയിൽ, മറ്റു വെള്ളിയാഴ്ചകളിൽ 10 ഏരിയയിലെയും ഭവനങ്ങളിൽ കൂട്ടായ്മ രാവിലെ 10.30 - ന്
- സെന്റർ മീറ്റിംഗ് - ഒക്ടോബർ 13 വെള്ളി - കിടങ്ങന്നൂർ സെന്തോം 10.00 എ.എം
- സെന്റർ മീറ്റിംഗും ക്രിസ്മസ് കരോളും ഡിസംബർ 15 വെള്ളി 10.00 എ.എം
- ഭദ്രാസന ക്രിസ്മസ് കരോൾ ഡിസംബർ 12 ചൊവ്വ 10.00 എ.എം

## യുവജനസഖ്യം

**യൂത്ത് ക്യാമ്പ്**

2017 ഒക്ടോബർ 07,08

**സ്ഥലം : ശാന്തിഗിരി ആശ്രമം, ആലുവ**

**Theme : Love your Selfie**

## മാമോദീസാ സ്വീകരിച്ചവർ

| | | |
|---|---|---|
| 1. ഇവാനാ മരിയൻ മാത്യു | D/o | നോബി മത്തായി മാത്യു, കല്ലുകാലായിൽ |
| 2. കെസ്ലിൻ സൂസൻ ജോൺ | D/o | ജോൺ ജോർജ്, പുതിയവീട്ടിൽ |
| 3. അയാനാ റേച്ചൽ റ്റിജോ | D/o | റ്റി ജോ വർഗീസ്, വള്ളിക്കാലായിൽ ബിനിഭവൻ |
| 4. മൈക്കിൾ റെനി തോമസ് | S/o | റെനി വർഗീസ് തോമസ്, ഇടത്തിമലയിൽ |
| 5. അലോണാ എൽസാ എബി | D/o | എബി വർഗീസ്, തേവിരേത്ത് എബി ഭവൻ |
| 6. റിയാനാ ഷൈനി രോഹിത് | D/o | രോഹിത് കുര്യൻ മാത്യു, കുമ്പളപ്പള്ളിൽ |
| 7. സ്റ്റീഫ്ലിൻ എലിസാ ജോബി | D/o | ജോബി ഏബ്രഹാം, കിഴക്കേടത്ത് ജോ വില്ല |
| 8. ജോനാഥാൻ ജോജി ഏബ്രഹാം | S/o | ജോജി ഏബ്രഹാം, കിഴക്കേടത്ത് ജോ വില്ല |
| 9. നിയാൻ സജു ചാക്കോ | S/o | സജു കെ.ചാക്കോ, പാറയിൽ |





## വിവാഹിതരായവർ

| | | |
|---|---|---|
| 1. അലീനാ റേച്ചൽ ശമുവേൽ<br>കോട്ടയ്ക്കകത്തുമലയിൽ | ഒബിൻ കോശി<br>കാഞ്ഞിക്കാവിൽ പുല്ലത്ത്, വേങ്ങൽ | 03 - 07 - 2017 |
| 2. ലിബു മാത്യു<br>കൊങ്ങളത്ത് എബനേസർ | ഷീബാ തോമസ്<br>കരിമ്പന്നൂർ പുത്തൻവീട് | 10 - 07 - 2017 |
| 3. ജിനോ ജോസ് തോമസ്<br>നെടിയകാലായിൽ | റ്റീനാ മാത്യു<br>പറമ്പിൽ പന്നിമാവുങ്കൽ, തടിയൂർ | 26 - 08 - 2017 |
| 4. ക്രിസ്റ്റി ആനി ബിജി<br>കോയിപ്ലാക്കൽ | ജോ ലൂക്കോസ് ബാബു<br>മനയ്ക്കപ്പടിയിൽ, തൈമറവുംകര | 28 - 08 – 2017 |
| 5. അനു കൊച്ചുമോൻ<br>അനു ഭവൻ | ജാക്സൺ സി. തോമസ്<br>പുന്നവേലിൽ, കുമ്പനാട് | 28 - 08 - 2017 |
| 6. ജോളി മാത്യു<br>തേവിരേത്ത് വല്യപുരയ്ക്കൽ | ജിജോ ചെറിയാൻ<br>കല്ലുകാലായിൽ, കാരയ്ക്കാട് | 31 - 08 - 2017 |

**ഇടവകയുടെ അനുമോദനം അറിയിക്കുന്നു**

## നിത്യതയിൽ പ്രവേശിച്ചവർ

| | | | |
|---|---|---|---|
| 1. ജോസഫ് വർഗീസ് | 54 | ആനിക്കാട്ട് മലയിൽ | 10 - 07 - 2017 |
| 2. ഗ്രേസി കുര്യൻ | 83 | ആനിക്കാട്ട് സരൾ ഭവൻ | 12 - 07 - 2017 |
| 3. വർഗീസ് ദാനിയേൽ | 65 | തേവിരേത്ത് എബി ഭവൻ | 13 - 07 - 2017 |
| 4. കെ.പി. വർഗീസ് | 76 | കൊച്ചുതുണ്ടിയിൽ | 18 - 07 - 2017 |
| 5. മറിയാമ്മ ദാനിയേൽ | 65 | ശാന്തിചരിവുകാലായിൽ | 25 - 07 - 2017 |
| 6. കെ.വി. തോമസ് | 90 | കുന്നിൽ തെക്കേതിൽ | 27 - 07 - 2017 |
| 7. ശോശാമ്മ ജോസഫ് | 95 | ആനിക്കാട്ട് മലേവീട്ടിൽ | 18 - 09 - 2017 |
| 8. പി.റ്റി. മാത്യൂസ് | 89 | പാറിടയിൽ പുത്തൻപുരയിൽ | 22 - 09 - 2017 |

**ഇടവകയുടെ അനുശോചനം രേഖപ്പെടുത്തുന്നു.**

## സഭാ പഞ്ചാംഗം

| തീയതി | സമയം | ചിന്താവിഷയം | ക്രമീകരണത്തിൽ സഹായിക്കുന്നവർ | പാഠങ്ങൾ | ലേഖനം/ഏവൻ ഗേലിയോൻ |
|---|---|---|---|---|---|
| ഒക്ടോബർ 01 | 9.30 എ.എം | അല്മായരുടെ സാക്ഷ്യം **(സന്നദ്ധ. സുവി. സംഘദിനം)** | ഇടവകമിഷൻ | ആമോ.7:10-17<br>1 പത്രൊ.2:1-10 | 1 തെസ.4:1-8<br>ലൂക്കൊ.10:30-37 |
| ഒക്ടോബർ 08 | 9.30 എ.എം | ദൈവസൃഷ്ടിയുടെ വ്യത്യ-സ്തതകളെ ഉൾക്കൊള്ളുക | സണ്ടേസ്കൂൾ | യെശ.42:16-20<br>അ.പ്ര.3:1-10 | 2 കൊരി.12:1-10<br>യോഹ.5:1-9 |
| ഒക്ടോബർ 15 | 9.30 എ.എം | യൗവ്വനം:വചനാധിഷ്ഠിത ജീവിതം **(യുവജനഞായർ)** | യുവജനസഖ്യം | ഉല്പ.41:37-43<br>ഫിലി.3:1-16 | 1 തിമൊ.4:7-16<br>ലൂക്കൊ.10:25-28 |
| ഒക്ടോബർ 22 | 9.30 എ.എം | വിശ്വാസം ഉരുവാക്കപ്പെടേ-ണ്ട കുടുംബം **(കുടുബഞായർ)** | മാലക്കര മല വടക്ക് | യോശു.24:14-22<br>തീത്തോ.2:1-8 | എഫെ.3:14-21<br>ലൂക്കൊ.19:1-10 |
| ഒക്ടോബർ 29 | 9.30 എ.എം | മാമോദീസാ എന്ന കൂദാശ | മാലക്കര മല തെക്ക് | പുറ.14:15-31<br>റോമ.6:1-11 | തീത്തോ.3:3-8<br>യോഹ.3:1-8 |
| നവംബർ 05 | 9.30 എ.എം | സഭാ ശുദ്ധീകരണം **(അഖില ലോക സണ്ടേസ്കൂൾദിനം)** | സണ്ടേസ്കൂൾ | സദൃ.23:15-26<br>എബ്രാ.12:1-13 | 1 യോഹ.2:7-17<br>യോഹ.6:1-14 |
| നവംബർ 12 | 9.30 എ.എം | സഭയുടെ പുതുക്കം | ഇടയാറന്മുള പടി-ഞ്ഞാറ് കുടി ഭാഗം | മീഖാ.6:1-8<br>2 കൊരി.4:7-15 | 1 കൊരി.12:12-20<br>ലൂക്കൊ.10:1-9 |
| നവംബർ 19 | 9.30 എ.എം | സെഖര്യാവിനോടുള്ള അറി-യിപ്പ് | യുവജനസഖ്യം | 1 ദിന.24:1-19<br>എബ്രാ.5:1-10 | 2 കൊരി.2:12-17<br>ലൂക്കൊ.1:5-23 |






| തീയതി | സമയം | ചിന്താവിഷയം | ക്രമീകരണത്തിൽ സഹായിക്കുന്നവർ | പാഠങ്ങൾ | ലേഖനം/ഏവൻ ഗേലിയോൻ |
|---|---|---|---|---|---|
| നവംബർ 26 | 9.30 എ.എം | കന്യകമറിയാമിനോടുള്ള അറിയിപ്പ് | ഇടയാറന്മുള പടി-ഞ്ഞാറ് നടു ഭാഗം | സെഖ.2:10-13<br>1 യോഹ.3:1-16 | എഫെ.1:3-10<br>ലൂക്കൊ.1:26-38 |
| ഡിസംബർ 03 | 9.30 എ.എം | എലിസബത്തിന്റെ അടുക്ക-ലേക്കുള്ള മറിയാമിന്റെ യാത്ര | ഇടയാറന്മുള പടി-ഞ്ഞാറ് മല | ഉല്പ.18:1-16<br>1 പത്രൊ.1:8-12 | 2 കൊരി.1:3-11<br>ലൂക്കൊ.1:39-45 |
| ഡിസംബർ 10 | 9.30 എ.എം | യോഹന്നാൻ സ്നാപകന്റെ ജനനം | സണ്ടേസ്കൂൾ | യെശ.55:6-13<br>എബ്രാ.4:1-13 | ഗലാ.1:11-17<br>ലൂക്കൊ.1:57-66 |
| ഡിസംബർ 17 | 9.30 എ.എം | യോസേഫിനോടുള്ള അറിയിപ്പ് | യുവജനസഖ്യം | സെഫ.3:14-20<br>റോമ.1:5-16 | ഫിലി.4:4-10<br>മത്താ.1:18-23 |
| ഡിസംബർ 24 | 9.30 എ.എം | നമ്മുടെ കർത്താവ് സമാഗതനാകുന്നു | ഇടയാറന്മുള പടി-ഞ്ഞാറ് ശാലേം | മീഖാ.4:1-7<br>1 യോഹ.4:7-21 | റോമ.1:8-17<br>യോഹ.1:1-14 |
| ഡിസംബർ 25 | 5.00 എ.എം | ജനനപ്പെരുന്നാൾ | ഇടയാറന്മുള നടുവിലേമുറി | മീഖാ.5:1-9<br>കൊലൊ.1:13-20 | ഗലാ.4:1-7<br>ലൂക്കൊ.2:1-14 |
| ഡിസംബർ 31 | 9.30 എ.എം | ദൈവം നമുക്ക് സഹായ-കനും വീണ്ടെടുപ്പും | ഇട-നടുമല എരുമക്കാട് | 1 ശമു.7:5-17<br>1 പത്രൊ.5:6-11 | എബ്രാ.13:7-11<br>ലൂക്കൊ.12:22-34 |
| | | | | | |

## ഇടവകമിഷൻ പ്രാർത്ഥനകൾ

| തീയതി | | സ്ഥലം |
|---|---|---|
| **എരുമക്കാട് ഭാഗം ( ചൊവ്വ ) വി.എ. ജോൺ – 9747607720** | | **6.30 പി.എം** |
| ഒക്ടോബർ | 03 | ഇ.എ.എൽ.പി.സ്കൂൾ, എരുമക്കാട് |
| | 10 | തുരുത്തിയിൽ, പി.കെ. തോമസ് കുട്ടി |
| | 17 | പാറയിരിക്കുന്നതിൽ, മാത്യു ഫിലിപ്പ് |
| | 24 | മേക്കോൺ മലയിൽ, എം.റ്റി. ജോർജ് |
| | 31 | കല്ലുകാലായിൽ ലിജോ ഭവൻ, തോമസ് മാത്യു |
| നവംബർ | 07 | ഇ.എ.എൽ.പി.സ്കൂൾ, എരുമക്കാട് |
| | 14 | മേലേടത്ത് പറമ്പിൽ, എ.ജി. മാത്യു |
| | 21 | പാറിടയിൽ, ആലീസ് പി. മാത്യു |
| | 28 | പാറിടയിൽ സജി കോട്ടേജ്, മോളി യോഹന്നാൻ |
| ഡിസംബർ | 05 | ഇ.എ.എൽ.പി.സ്കൂൾ, എറുമക്കാട് |
| | 12 | പാറിടയിൽ, ശമുവേൽ മത്തായി |
| | 19 | വല്യകാലായിൽ, ശോശാമ്മ വർഗീസ് |
| | 26 | ചിറവാക്കുളത്തിൽ, റെജി ഏബ്രഹാം |
| **മാലക്കര ഭാഗം ( ചൊവ്വ ) വർഗീസ് ഏബ്രഹാം – 9846398459** | | **7.00 പി.എം** |
| ഒക്ടോബർ | 03 | പുറ്റുംപുറത്ത്, പി.ജി. വർഗീസ് |
| | 10 | ചിറ്റേറ്റുതുണ്ടിയിൽ, സി.എം. മത്തായി |
| | 17 | പുല്ലേലിൽ, പി.ജെ. അന്നമ്മ |
| | 24 | ഷൈലാ ഭവൻ, കെ.സി. ശമുവേൽ |
| | 31 | തെക്കേതിൽ, ജോമോൻ റ്റി.തോമസ് |
| നവംബർ | 07 | പടിഞ്ഞാറേ പാണംപടിയ്ക്കൽ, പി.വി. ശമുവേൽ |
| | 14 | കുഞ്ഞിന്റയ്യത്ത്, വി.എം. ജോൺ |
| | 21 | ചക്കിട്ടയിൽ, എലിസബത്ത് ചെറിയാൻ |
| | 28 | കുന്നിൽ, മത്തായി വർഗീസ് |
| ഡിസംബർ | 05 | ഗ്രേസ് സന്തോഷ് വില്ല, സാജു ജോർജ് |
| | 12 | വടക്കേതിൽ, തങ്കമ്മ ജോൺ |
| | 19 | മാണാമ്പ്ര പടിഞ്ഞാറേൽ, മാത്യു തോമസ് |
| | 26 | ചെറുവേലിൽ, സി.എ. തോമസ് |





| | | |
|---|---|---|
| **ളാക ഭാഗം ( ചൊവ്വ ) റ്റി.സി. തോമസ് – 8547447209** | | **7.00 പി.എം** |
| ഒക്ടോബർ | 03 | വെമ്മേലിൽ തടത്തിൽ, ശമുവേൽ മാത്യു |
| | 10 | ആനിക്കാട്ട് തോപ്പിൽ, തോമസ് മാത്യു |
| | 17 | കണ്ണങ്ങാട്ടുകുഴിയിൽ, ശോശാമ്മ തോമസ് |
| | 24 | ഇടത്തിമലയിൽ, തോമസ് മാത്യു |
| നവംബർ | 07 | കണിയാംപറമ്പിൽ, ലീലാമ്മ ജോർജ് |
| | 14 | കണിയാംപറമ്പിൽ ന്യൂ ഹൗസ്, കെ.ജെ. തോമസ് |
| | 21 | തലക്കോട്ട് മലയിൽ, മേരി തോമസ് |
| | 28 | ഇടിച്ചാണ്ടിപ്പറമ്പിൽ, പി.എസ്. സൈമൺ |
| ഡിസംബർ | 05 | എൻ.എൻ.വില്ല, പി.എസ്. ജോർജ് |
| | 12 | ആലുമ്മൂട്ടിൽ, പൊന്നമ്മ തോമസ് |
| | 19 | ഇരപ്പൻകാലായിൽ, റ്റി.ജെ. ജോർജ് |
| | 26 | കുന്നത്തുപറമ്പിൽ, വർഗീസ് ദാനിയേൽ |
| **കളരിക്കോട് ഭാഗം ( ബുധൻ ) വർഗീസ് ചെറിയാൻ – 9447304446** | | **7.00 പി.എം** |
| ഒക്ടോബർ | 04 | പാങ്ങാട്ടേത്ത്, വർഗീസ്, മാത്യു |
| | 11 | മാണാമ്പ്ര, വി.എം. ജോർജ് |
| | 18 | കളരിക്കോട്ട് വടക്കേൽ, ജോർജ് |
| | 25 | കൊങ്ങളത്ത് കിഴക്കുംകര, വർഗീസ് ചാക്കോ |
| നവംബർ | 01 | മാണാമ്പ്ര റ്റിറ്റോ ഭവൻ, ചെറിയാൻ തോമസ് |
| | 08 | ആശാര്യേത്ത്, ഓമന കോശി |
| | 15 | കളരിക്കോട്ട് വടക്കേൽ, മറിയാമ്മ വർഗീസ് |
| | 22 | ആനിക്കാട്ട്, എ.റ്റി. ജോർജ് |
| | 29 | മാണാമ്പ്ര പടിഞ്ഞാറേകാലായിൽ, വി.എം. തോമസ് |
| ഡിസംബർ | 06 | പരുത്തുപാറ പാലമൂട്ടിൽ, ജോസഫ് ചാണ്ടി |
| | 13 | കോയിപ്പുറത്തുകാലായിൽ, മാത്യു തോമസ് |
| | 20 | കുമ്പളപ്പള്ളിൽ, കെ.റ്റി. ജോർജ് |
| | 27 | മാണാമ്പ്ര ജിയോ ഭവൻ, തോമസ് ജോർജ് |
| **ഇടയാറന്മുള ഭാഗം (ബുധൻ) ജോർജ് വർഗീസ്– 8157082677** | | **6.30 പി.എം** |
| ഒക്ടോബർ | 04 | വൈരിശേരിൽ, സാംജി മാത്യു |
| | 11 | കൂന്തേനിയ്ക്കൽ ജോബിൻ വില്ല, ജോൺ വർഗീസ് |
| | 18 | തെക്കേടത്ത്, സണ്ണി ജോർജ് |
| | 25 | സംയുക്ത മീറ്റിംഗ്, എം.റ്റി.എൽ.പി.സ്കൂൾ-ഇടയാറന്മുള |
| നവംബർ | 01 | കൊച്ചുമണ്ണിൽ, തോമസ് ദാനിയേൽ |

| | | |
|---|---|---|
| | 08 | തേവള്ളിൽ, റ്റി.ഒ. വർഗീസ് |
| | 15 | കൊച്ചുവടക്കേടത്ത്, മറിയാമ്മ ചെറിയാൻ |
| | 22 | മേക്കോൺ, അന്നമ്മ ദാനിയേൽ |
| | 29 | സംയുക്ത മീറ്റിംഗ്, എം.റ്റി.എൽ.പി.സ്കൂൾ - ഇടയാറന്മുള |
| ഡിസംബർ | 06 | കുരങ്ങാട്ട്, വർഗീസ് തോമസ് |
| | 13 | കൊച്ചുമണ്ണിൽ, മറിയാമ്മ മാത്യു |
| | 20 | പേരങ്ങാട്ടുപടിയ്ക്കൽ, മറിയാമ്മ തോമസ് |
| | 27 | മുറിപ്പുരയ്ക്കൽ ജിബിൻ വില്ല, ജോർജ് വർഗീസ് |

**തുരുത്തിമല ഭാഗം ( ബുധൻ ) എം.എ. മത്തായി – 9061106130 6.30 പി.എം**

| | | |
|---|---|---|
| ഒക്ടോബർ | 04 | കരിമ്പന്നൂർ പുത്തൻവീട്, തോമസ് വർഗീസ് |
| | 11 | തടത്തിൽ, ജോർജ് വർഗീസ് |
| | 18 | ചെല്ലിമലയിൽ, കുഞ്ഞമ്മ തോമസ് |
| | 25 | തുരുത്തിയിൽ, തോമസ് ഫിലിപ്പ് |
| നവംബർ | 01 | ശങ്കരമംഗലത്ത്, മാത്യു ജോർജ് |
| | 08 | ശങ്കരമംഗലത്ത്, പ്രകാശ് തോമസ് |
| | 15 | മാലേത്തുകാലായിൽ, എം.റ്റി. മത്തായി |
| | 22 | ഇടയ്ക്കിടായിൽ, പൊന്നമ്മ ജോർജ് |
| | 29 | തുരുത്തിയിൽ ഗ്രേസ് വില്ല, സഖറിയാ ഫിലിപ്പ് |
| ഡിസംബർ | 06 | മങ്ങാട്ട്, എം.എ. മത്തായി |
| | 13 | തയ്യിൽ, സാറാമ്മ വർഗീസ് |
| | 20 | മാലേത്തുകാലായിൽ, മറിയാമ്മ ഏബ്രഹാം |
| | 27 | കളീയ്ക്കൽ റോസ് വില്ല, തോമസ് കോശി |

**എരുമക്കാട് മല ഭാഗം (2–ാം വ്യാഴം) സിസിലി റോയി – 8606154616 7.00 പി.എം**

| | | |
|---|---|---|
| ഒക്ടോബർ | 12 | കാവുങ്കൽ, മത്തായി വി. ദാനിയേൽ |
| നവംബർ | 09 | കുരങ്ങാട്ട് മലയിൽ, രാജൻ മാത്യു |
| ഡിസംബർ | 14 | ആക്കനാട്ട് മലയിൽ, ഏബ്രഹാം റോയി |

## സേവികാസംഘം പ്രാർത്ഥനകൾ

### എല്ലാ വെള്ളിയാഴ്ചയും രാവിലെ 10.30 ന്

**ഇടയാറന്മുള ഭാഗം** സാറാമ്മ സഖറിയാ – 9544008229 (ഏരിയാ സെക്രട്ടറി)

| | | |
|---|---|---|
| ഒക്ടോബർ | 06 | കൊച്ചുപുരയ്ക്കൽ, അന്നമ്മ ജോൺ |
| | 20 | കൊച്ചുവടക്കേടത്ത് ഷെറിൻ വില്ല, ഏലിയാമ്മ മാത്യു |
| നവംബർ | 03 | തേവള്ളിൽ, സൂസമ്മ വർഗീസ് |





| | | |
|---|---|---|
| | 10 | കാലായിൽ, അമ്മിണി ജോർജ് |
| | 17 | മേക്കോൺ ബെഥേൽ, സാറാമ്മ മാത്യു |
| ഡിസംബർ | 01 | മുറിപ്പുരയ്ക്കൽ, അന്നമ്മ ജോർജ് |
| | 08 | പനവേലിൽ, റേച്ചൽ മാത്യു |
| | 29 | കുരങ്ങാട്ട്, എലിസബത്ത് വർഗീസ് |

**കളരിക്കോട് വടക്ക് ഭാഗം** റേച്ചൽ ജോസഫ് – 9961320686 (ഏരിയാ സെക്രട്ടറി)

| | | |
|---|---|---|
| ഒക്ടോബർ | 06 | ചക്കിട്ടവടക്കേൽ അനു വില്ല, ഓമന വർഗീസ് |
| | 20 | ആനിക്കാട്ട് ശാന്തി ഭവൻ, മറിയാമ്മ ജേക്കബ് |
| നവംബർ | 03 | കൊങ്ങളത്ത് കിഴക്കുംകര, സൂസൻ വർഗീസ് |
| | 10 | കൊങ്ങളത്ത് കിഴക്കുംകര, റേച്ചൽ മാത്യു |
| | 17 | ആനിക്കാട്ട് മലേവീട്ടിൽ, വൽസമ്മ വർഗീസ് |
| ഡിസംബർ | 01 | വള്ളിക്കാലായിൽ ഷിജോ ഭവൻ, സാറാമ്മ മാത്യു |
| | 08 | പനച്ചമൂട്ടിൽ മോടിയിൽ, അന്നമ്മ തോമസ് |
| | 29 | മാണാമ്പ്ര, കുഞ്ഞമ്മ തോമസ് |

**കളരിക്കോട് തെക്ക് ഭാഗം** അന്നമ്മ ദാനിയേൽ – 9567369165 (ഏരിയാ സെക്രട്ടറി)

| | | |
|---|---|---|
| ഒക്ടോബർ | 06 | ചക്കിട്ടയിൽ, ആനി ഏബ്രഹാം |
| | 20 | കൊച്ചുപ്ലാമ്മൂട്ടിൽ, റേച്ചൽ മാത്യു |
| നവംബർ | 03 | ആനിക്കാട്ട് തടത്തിൽ, മറിയാമ്മ തോമസ് |
| | 10 | ആനിക്കാട്ട്, മേഴ്സി തോമസ് |
| | 17 | പാലമൂട്ടിൽ, മിനി ജോസഫ് |
| ഡിസംബർ | 01 | കളരിക്കോട്ട് വടക്കേൽ, അമ്മിണി ജോർജ് |
| | 08 | ചക്കിട്ടയിൽ, ആനി ജിജി |
| | 22 | പറയന്ത്ര ജെറിൻ കോട്ടേജ്, ലിസി കോശി |

**എരുമക്കാട് മല ഭാഗം** സിസിലി റോയി – 9446113779 (ഏരിയാ സെക്രട്ടറി)

| | | |
|---|---|---|
| ഒക്ടോബർ | 06 | വാക്യപ്പടിയ്ക്കൽ, രാജി ചെറിയാൻ |
| | 20 | പരുത്തുപാറ പ്രിൻസ് കോട്ടേജ്, മേരി ബേബി |
| നവംബർ | 03 | തടത്തിൽ, സുജാ റെജി |
| | 10 | പരുത്തുപാറ കെസിയാ കോട്ടേജ്, സുമാ റോയി |
| | 17 | പരുത്തുപാറ ബിബിൻ വില്ല, മോനി തോമസ് |
| ഡിസംബർ | 01 | അണ്ടത്തേത്ത് മലയിൽ, ചിന്നമ്മ ശമുവേൽ |
| | 08 | കുരങ്ങാട്ട് പനവേലിൽ, മോളിക്കുട്ടി ശമുവേൽ |
| | 29 | ആക്കനാട്ട് മലയിൽ, സിസിലി റോയി |

| തുരുത്തിമല ഭാഗം | | ആലീസ് തോമസ് – 9562451074 (ഏരിയാ സെക്രട്ടറി) |
|---|---|---|
| ഒക്ടോബർ | 06 | തടത്തിൽ, സുഷാ വർഗീസ് |
| | 20 | ശങ്കരമംഗലത്ത്. ജോളി പ്രകാശ് |
| നവംബർ | 03 | മാലേത്തുകാലായിൽ, പൊന്നമ്മ മത്തായി |
| | 10 | ഇടയ്ക്കിടായിൽ, പൊന്നമ്മ ജോർജ് |
| ഡിസംബർ | 01 | തുരുത്തിയിൽ ഗ്രേസ് വില്ല, അമ്മിണി സഖറിയാ |
| | 08 | മാലേത്തുകാലായിൽ, മറിയാമ്മ ഏബ്രഹാം |
| | 29 | കാവടപ്പുതുപ്പറമ്പിൽ, മറിയാമ്മ വർഗീസ് |
| **എരുമക്കാട് ഭാഗം** | | **മറിയാമ്മ ഏബ്രഹാം – 8281423893 (ഏരിയാ സെക്രട്ടറി)** |
| ഒക്ടോബർ | 06 | പറമ്പേത്ത്, ഗ്രേസി ശമുവേൽ |
| | 20 | മേക്കോൺ, അന്നമ്മ ജോർജ് |
| നവംബർ | 03 | വലിയകാലായിൽ, തങ്കമ്മ ജോർജ് |
| | 10 | വലിയകാലായിൽ, ലിസി ജോൺ |
| ഡിസംബർ | 01 | വലിയകാലായിൽ, ശോശാമ്മ വർഗീസ് |
| | 08 | വലിയകാലായിൽ, ഷൈനി ജോൺസൺ |
| | 29 | തുരുത്തിയിൽ, തങ്കമ്മ തോമസ് |
| **മാലക്കര കെയ്യത്ത് ഭാഗം** | | **ജെസി ചാക്കോ – 8547457116 (ഏരിയാ സെക്രട്ടറി)** |
| ഒക്ടോബർ | 06 | ഷൈലാ ഭവൻ, കുഞ്ഞമ്മ ശമുവേൽ |
| | 20 | കുന്നിൽ, റേച്ചൽ ചാക്കോ |
| നവംബർ | 03 | ചെറുവേലിൽ, കുഞ്ഞുമോൾ തോമസ് |
| | 10 | ബേബീസ് കോട്ടേജ്, ലില്ലി മാത്യു |
| | 17 | സുജിതാ ഭവൻ, സൂസമ്മ വർഗീസ് |
| ഡിസംബർ | 01 | ആലുനിൽക്കുന്നതിൽ, സാറാമ്മ ജോർജ് |
| | 08 | മുണ്ടത്ര, സുബി രാജൻ |
| | 29 | കണ്ണംപ്ലാക്കുഴിയിൽ, ശോശാമ്മ ചാക്കോ |
| **ഉാക ഭാഗം** | | **അനിതാ തോമസ് – 9847226677 (ഏരിയാ സെക്രട്ടറി)** |
| ഒക്ടോബർ | 06 | കണിയാംകണ്ടത്തിൽ, സാലി രാജു |
| | 20 | കൊങ്ങളത്തുമലയിൽ, ശോശാമ്മ തോമസ് |
| നവംബർ | 03 | മുളനിൽക്കുംകാലായിൽ, മറിയാമ്മ തോമസ് |
| | 10 | മുളനിൽക്കുംകാലായിൽ, ആശാ തോമസ് |
| | 17 | മുളനിൽക്കുംകാലായിൽ, കുഞ്ഞുമോൾ തോമസ് |
| ഡിസംബർ | 01 | കുന്നുംപുറത്തുമലയിൽ, അന്നമ്മ സൈമൺ |
| | 08 | ഓട്ടാനിയ്ക്കൽ, അനിതാ തോമസ് |





| | | |
|---|---|---|
| | 29 | വെമ്മേലിൽ മലയിൽ, പൊന്നമ്മ തോമസ് |
| **മാലക്കര ഭാഗം** | | **പൊന്നമ്മ വർഗീസ് – 9495238165 (ഏരിയാ സെക്രട്ടറി)** |
| ഒക്ടോബർ | 06 | മൂലയിൽ, കുഞ്ഞൂഞ്ഞമ്മ ചാക്കോ |
| | 20 | മൂലയിൽ, വൽസാ സന്തോഷ് |
| നവംബർ | 03 | മൂലയിൽ, ശോശാമ്മ ഫിലിപ്പ് |
| | 10 | പ്ലാമ്മൂട്ടിൽ, സുമാ ബിബി |
| | 17 | പ്ലാമ്മൂട്ടിൽ, ബിജി ബിജു |
| ഡിസംബർ | 01 | പ്ലാമ്മൂട്ടിൽ, ലാലി ജോർജ് |
| | 08 | തൈലേത്ത്, മിൻസി മാമ്മൻ |
| | 29 | കിഴക്കേടത്ത്, അന്നമ്മ മത്തായി |
| **ഇടയാറന്മുള പടിഞ്ഞാറ് നടു ഭാഗം** | | **മറിയാമ്മ ജോർജ് – 9447569160(ഏരിയാ സെക്രട്ടറി)** |
| ഒക്ടോബർ | 06 | കൊച്ചുപ്ലാമ്മൂട്ടിൽ, അന്നാമ്മ മത്തായി |
| | 20 | കുഞ്ഞിന്റയ്യത്ത്, അച്ചാമ്മ ജോർജ് |
| നവംബർ | 03 | മാവേലിൽ, മറിയാമ്മ ജോർജ് |
| | 10 | കുഞ്ഞിന്റയ്യത്ത് ജെ.ജെ കോട്ടേജ്, മറിയാമ്മ വർഗീസ് |
| ഡിസംബർ | 01 | കുഞ്ഞിന്റയ്യത്ത്, തങ്കമ്മ ജോൺ |
| | 08 | വെരുണൂർ, റോസമ്മ മത്തായി |
| | 29 | ആനിക്കാട്ട്, മറിയാമ്മ ഏബ്രഹാം |

## പ്രാർത്ഥനായോഗങ്ങൾ

| മാലക്കര കെയ്യത്ത് ഭാഗം | | 3.00 പി.എം |
|---|---|---|
| ഒക്ടോബർ | 01 | ചക്കനാട്ട് വെട്ടിരേത്ത്, സി.എ. മാത്യു |
| നവംബർ | 05 | കുന്നിൽ തെക്കേൽ സിജു ഭവൻ, റ്റി.പി.ചാക്കോ |
| ഡിസംബർ | 03 | ബേബീസ് കോട്ടേജ്, കെ.സി.മാത്യു |
| **മാലക്കര ചുങ്കത്തിൽ ഭാഗം** | | **4.00 പി.എം** |
| ഒക്ടോബർ | 08 | മൂലയിൽ, പി.പി. ചാക്കോ |
| | 22 | ചുങ്കത്തിൽ പുത്തൻവീട്, മാത്യു വർഗീസ് |
| നവംബർ | 05 | ചെറുവേലിൽ, ശോശാമ്മ ഏബ്രഹാം |
| | 19 | ചെറുവേലിൽ, സി.എം. തങ്കച്ചൻ |
| ഡിസംബർ | 03 | പാണംപടിയ്ക്കൽ, കെ.എം. തോമസ് |
| | 17 | കിഴക്കേപീടികയിൽ, ചാക്കോ വർഗീസ് |

| മാലക്കര ചക്കിട്ടയിൽ ഭാഗം | | 3.30 പി.എം |
|---|---|---|
| ഒക്ടോബർ | 01 | ചക്കിട്ടവടക്കേൽ അനു വില്ല, വർഗീസ് മാത്യു |
| | 15 | ചക്കിട്ടയിൽ, എലിസബത്ത് ചെറിയാൻ |
| നവംബർ | 05 | ചക്കിട്ടവടക്കേൽ, തോമസ് മാത്യു |
| | 19 | തലക്കോട്ട്, ജോസ് റ്റി. ജോർജ് |
| ഡിസംബർ | 03 | കുന്നുംപുറത്ത്, കെ. മാത്യു |
| | 17 | കുന്നുംപുറത്ത്, മത്തായി മാത്യു |

| മാലക്കര തെക്കേതിൽ ഭാഗം | | 4.00 പി.എം |
|---|---|---|
| ഒക്ടോബർ | 08 | പറയന്ത്ര മാപ്ലശേരിൽ, ജേക്കബ് ദാനിയേൽ |
| | 22 | കിഴക്കേടത്ത്, കെ.ജി. സഖറിയാ |
| നവംബർ | 12 | കിഴക്കേടത്ത്, കെ.എം. ചാക്കോ |
| | 26 | കിഴക്കേടത്ത് കാർണാമല, ചിന്നമ്മ മത്തായി |
| ഡിസംബർ | 10 | കിഴക്കേടത്ത്, റെനി ജോസ് |
| | 24 | പറയന്ത്ര ഇടപ്പുരയിൽ, ജോർജ് ജോൺ |

| മാലക്കര പ്ലാമ്മൂട്ടിൽ ഭാഗം | | 3.30 പി.എം |
|---|---|---|
| ഒക്ടോബർ | 01 | പ്ലാമ്മൂട്ടിൽ, ജോർജ് തോമസ് |
| നവംബർ | 05 | പ്ലാമ്മൂട്ടിൽ ബെൻസി വില്ല, തോമസ് മാത്യു |
| ഡിസംബർ | 03 | പ്ലാമ്മൂട്ടിൽ, പി.ജെ. ജോൺ |

| മാലക്കര മല വടക്ക് | | 3.30 പി.എം |
|---|---|---|
| ഒക്ടോബർ | 08 | കൈതോട്ടാ ശാലേം ഹൗസ്, റവ.കെ.കെ. ഏബ്രഹാം |
| | 22 | പാങ്ങാട്ടേത്ത്, ജെയിംസ് പി. മാത്യു |
| നവംബർ | 12 | കവലപ്ലാക്കൽ കിഴക്കേൽ, ഉമ്മൻ മാത്യു |
| | 26 | പാങ്ങാട്ടേത്ത്, അന്നമ്മ ജോൺ |
| ഡിസംബർ | 10 | പാങ്ങാട്ടേത്ത്, സാബു ജോൺ |
| | 24 | കൈതോട്ടാ, ഏലിയാമ്മ ബേബി |

| മാലക്കര മല തെക്ക് | | 3.30 പി.എം |
|---|---|---|
| ഒക്ടോബർ | 01 | വെട്ടിയ്ക്കൽ റെയ്ജോ ഭവൻ, ജെയിംസ് ഉമ്മൻ |
| | 08 | വെട്ടിയ്ക്കൽ അനി വില്ല, വി.ഒ. ഉമ്മൻ |
| | 15 | തേവിരേത്ത് എബി ഭവൻ, അമ്മിണി വർഗീസ് |
| | 22 | തേവിരേത്ത് വല്യപുരനിൽക്കുന്നതിൽ, മറിയാമ്മ മാത്യു |
| | 29 | മുണ്ടുമാവുനിൽക്കുന്നതിൽ, എം.എസ്. മത്തായി |





| | | |
|---|---|---|
| നവംബർ | 12 | മുണ്ടുമാവുനിൽക്കുന്നതിൽ, എം.എസ്. ജോർജ് |
| | 19 | പേരൂർക്കാവിൽ പുത്തൻവീട്, മാമ്മൻ മത്തായി |
| | 26 | വെട്ടിമല, വി.എ. വർഗീസ് |
| ഡിസംബർ | 03 | തേവിരേത്ത് ജോബി ഭവൻ, റ്റി.എസ്. വർഗീസ് |
| | 10 | തേവിരേത്ത് പുളിനിൽക്കുന്നതിൽ, റ്റി.എസ്. മാത്യു |
| | 17 | മുണ്ടുമാവുനിൽക്കുന്നതിൽ, ഏലിയാമ്മ ജോർജ് |
| | 24 | കടവിൽ, ഷിബു മാമ്മൻ |
| | 31 | പാങ്ങാട്ടേത്ത് ചരിവുകാലായിൽ, റേച്ചൽ ജോർജ് |

| ഇടയാറന്മുള പടിഞ്ഞാറ് കുടി ഭാഗം | | 3.30 പി.എം |
|---|---|---|
| ഒക്ടോബർ | 08 | കൊച്ചുതുണ്ടിയിൽ, പൊന്നമ്മ വർഗീസ് |
| | 22 | കരിമ്പിലയ്യത്ത്, എം.ജി. ഉമ്മൻ |
| നവംബർ | 12 | കരിമ്പുമണ്ണിൽ, മോളി ജോർജ് |
| | 26 | പുല്ലേലിൽ, പി.ജെ. അന്നമ്മ |
| ഡിസംബർ | 10 | കുന്നത്ത്, തോമസ് ജോർജ് |
| | 24 | ആശാ വില്ല, മറിയാമ്മ മത്തായി |

| ഇടയാറന്മുള പടിഞ്ഞാറ് നടു ഭാഗം | | 3.00 പി.എം |
|---|---|---|
| ഒക്ടോബർ | 01 | ആനിക്കാട്ട്, റെജി കെ. ഏബ്രഹാം |
| | 08 | കൊച്ചുപ്ലാമ്മൂട്ടിൽ, ഏലിക്കുട്ടി വർഗീസ് |
| | 15 | ആനിക്കാട്ട്, എൻ. ഏബ്രഹാം ലൂക്കോസ് |
| | 22 | അനു ഭവൻ, കെ. കൊച്ചുമോൻ |
| | 29 | പനച്ചമൂട്ടിൽ റോബിൻ വില്ല, തോമസ് മാത്യു |
| നവംബർ | 12 | മുട്ടോൺ ബെഥേൽ, ജോർജ് മാത്യു |
| | 19 | പനച്ചമൂട്ടിൽ ജാക്സൺ വില്ല, ജോർജ് വർഗീസ് |
| | 26 | മുട്ടോൺ, മേരിക്കുട്ടി വർഗീസ് |
| ഡിസംബർ | 03 | കൊച്ചുപ്ലാമ്മൂട്ടിൽ ജിൻസി ഭവൻ, വർഗീസ് ചാക്കോ |
| | 17 | ആനിക്കാട്ട് ശ്വേതാ ഭവൻ, സന്തോഷ് മാത്യു |
| | 24 | മുട്ടോൺ കൃപാ ഭവൻ, ജോസഫ് ജോർജ് |
| | 31 | കൊച്ചുപ്ലാമ്മൂട്ടിൽ റ്റോം വില്ല, കെ.റ്റി. തോമസ് |

| ഇടയാറന്മുള പടിഞ്ഞാറ് മല | | 3.30 പി.എം |
|---|---|---|
| ഒക്ടോബർ | 01 | കൊളഞ്ഞിക്കൊമ്പിൽ ജെജിൻ വില്ല, ജോസഫ് കെ.ജോൺ |
| | 15 | ആനിക്കാട്ട് മലയിൽ, മറിയാമ്മ തോമസ് |
| നവംബർ | 05 | ആനിക്കാട്ട് മലയിൽ, അന്നമ്മ ജോസഫ് |
| | 19 | ആനിക്കാട്ട് റിജോ വില്ല, തോമസ് ജോസഫ് |
| ഡിസംബർ | 03 | വള്ളിക്കാലായിൽ ബിനി ഭവൻ, വർഗീസ് തോമസ് |

| | | |
|---|---|---|
| | 17 | ആനിക്കാട്ട്, മറിയാമ്മ പോൾ |
| **ഇടയാറന്മുള പടിഞ്ഞാറ് ശാലേം** | | **4.00 പി.എം** |
| ഒക്ടോബർ | 01 | ആനിക്കാട്ട് താന്നിക്കുന്നിൽ, മാത്യു ഏബ്രഹാം |
| | 08 | ആനിക്കാട്ട് സ്മിതാ ഭവൻ, തോമസ് ഏബ്രഹാം |
| | 15 | കോയിപ്പുറത്തുകാലായിൽ, മാത്യു തോമസ് |
| | 22 | ആനിക്കാട്ട് കൃപാ ഭവൻ, ലീലാമ്മ ജോർജ് |
| | 29 | ആനിക്കാട്ട് ശാന്തി ഭവൻ, ജേക്കബ് മാത്യു |
| നവംബർ | 05 | കോലത്ത് കവിണേടത്ത്, കെ. ജോസഫ് |
| | 12 | ആനിക്കാട്ട് കൊച്ചുപുരയ്ക്കൽ, എ.എസ്. തോമസ് |
| | 19 | കോയിപ്പുറത്തുകാലായിൽ, മറിയാമ്മ തോമസ് |
| | 26 | കോയിപ്പുറത്തുകാലായിൽ, തോമസ് കെ. മാത്യു |
| ഡിസംബർ | 03 | മുതുവാംകോട്ട്, തോമസ് ജോർജ് |
| | 10 | ആനിക്കാട്ട് മലേവീട്ടിൽ, പി.കെ. ഗീവർഗീസ് |
| | 17 | വള്ളിക്കാലായിൽ കോയിപ്പുറത്തുകാലായിൽ, മറിയാമ്മ ജോർജ് |
| | 24 | ആനിക്കാട്ട് കളരിക്കോട്ട്, തോമസ് ജോസഫ് |
| | 31 | കുട്ടമത്തയ്യത്ത്, സാജൻ ജോൺ |
| **ഇടയാറന്മുള നടുവിലേമുറി** | | **4.30 പി.എം** |
| ഒക്ടോബർ | 01 | മേക്കോൺ, അന്നമ്മ ദാനിയേൽ |
| | 08 | വൈരിശേരിൽ, സാംജി മാത്യു |
| | 15 | വൈരിശേരിൽ, തോമസ് മാത്യു |
| | 22 | കാവുംപാട്ട്, ഏബ്രഹാം വർഗീസ് |
| | 29 | പാറിടയിൽ മനോഹര, പി.ജെ. മാത്യൂസ് |
| നവംബർ | 05 | പേരങ്ങാട്ടുപടിയ്ക്കൽ, മറിയാമ്മ തോമസ് |
| | 12 | പേരങ്ങാട്ടുപടിയ്ക്കൽ, മാത്യു പി. മാത്യു |
| | 19 | പേരങ്ങാട്ടുപടിയ്ക്കൽ, പി.എം. മാത്യു |
| | 26 | പേരങ്ങാട്ടുപടിയ്ക്കൽ, കുഞ്ഞമ്മ ഏബ്രഹാം |
| ഡിസംബർ | 03 | ചൊട്ടിക്കൂട്ടത്തിൽ, സി.റ്റി. മത്തായി |
| | 10 | പനവേലിൽ, റേച്ചൽ മാത്യു |
| | 17 | പ്ലാവേലിൽ, വർഗീസ് ജോർജ് |
| | 24 | പ്ലാവേലിൽ തെക്കേൽ, ഏലിയാമ്മ ജോർജ് |
| | 31 | പ്ലാവേലിൽ, കുഞ്ഞമ്മ ഫിലിപ്പ് |
| **ഇടയാറന്മുള നടുമല എരുമക്കാട്** | | **4.00 പി.എം** |
| ഒക്ടോബർ | 01 | പാറിടയിൽ, മത്തായി ശമുവേൽ |
| നവംബർ | 12 | പാറിടയിൽ അശ്വതി എസ്റ്റേറ്റ്, രാജേഷ് തോമസ് |





| | | |
|---|---|---|
| ഡിസംബർ | 03 | കാവുങ്കൽ, ശമുവേൽ ദാനിയേൽ |
| **ഇടയാറന്മുള കിഴക്കേമുറി** | | **4.00 പി.എം** |
| ഒക്ടോബർ | 01 | കൊച്ചുപുരയ്ക്കൽ, സാറാമ്മ തോമസ് |
| | 15 | ആക്കനാട്ട്, ചിന്നമ്മ തോമസ് |
| നവംബർ | 05 | കൊച്ചുപുരയ്ക്കൽ റിജോ ഭവൻ, കെ. ജോൺ തോമസ് |
| | 19 | കാരയ്ക്കാട്ടുമോടിയിൽ, എ. വർഗീസ് |
| ഡിസംബർ | 03 | സതീഷ് തോമസ്, ആക്കനാട്ട് |
| | 17 | കാരയ്ക്കാട്ടുമോടിയിൽ എബിൻ വില്ല, എബി വർഗീസ് |
| **ഇടയാറന്മുള വടക്കേടത്ത് ഭാഗം** | | **4.00 പി.എം** |
| ഒക്ടോബർ | 08 | കൊച്ചുമണ്ണിൽ ജോയൽ വില്ല, വർഗീസ് കെ. ദാനിയേൽ |
| നവംബർ | 12 | കൊച്ചുമണ്ണിൽ, ഫിലിപ്പ് ദാനിയേൽ |
| ഡിസംബർ | 10 | കൊച്ചുവടക്കേടത്ത്, മറിയാമ്മ ചെറിയാൻ |
| **തുരുത്തിമല ശാലേം** | | **4.00 പി.എം** |
| ഒക്ടോബർ | 08 | മാലേത്തുകാലായിൽ, മറിയാമ്മ ഏബ്രഹാം |
| നവംബർ | 12 | കളീയ്ക്കൽ റോസ് വില്ല, തോമസ് കോശി |
| ഡിസംബർ | 10 | കാവടപ്പുതുപ്പറമ്പിൽ, വർഗീസ് വർഗീസ് |
| **തുരുത്തിമല എബനേസർ** | | **4.00 പി.എം** |
| ഒക്ടോബർ | 01 | പുത്തൻവീട്, കെ.റ്റി. മാത്യു |
| | 15 | കല്ലുകാലായിൽ, സി.എം. മാത്യു |
| നവംബർ | 05 | വല്യകാലായിൽ, തങ്കമ്മ ജോർജ് |
| | 19 | ചെമ്മങ്ങാട്ടിൽ, സി.വി. ശമുവേൽ |
| ഡിസംബർ | 03 | പുത്തൻവീട്, ഷാജി എം. തോമസ് |
| | 17 | ചെമ്മങ്ങാട്ടിൽ, റ്റി.എം. വർഗീസ് |
| **എരുമക്കാട് ശാലേം** | | **4.00 പി.എം** |
| ഒക്ടോബർ | 01 | പാറിടയിൽ തേജസ്, പ്രിൻസ് പി. ജോർജ് |
| നവംബർ | 05 | പാറിടയിൽ ബെന്നി ഭവൻ, ബെന്നി ഫിലിപ്പ് |
| ഡിസംബർ | 03 | പാറിടയിൽ, അന്നമ്മ തോമസ് |
| **എരുമക്കാട് ബെഥേൽ** | | **3.30 പി.എം** |
| ഒക്ടോബർ | 22 | ചിറവക്കുളത്തിൽ, ചാക്കോ ചാക്കോ |
| നവംബർ | 26 | ചിറവക്കുളത്തിൽ, സി.എ. ജേക്കബ് |
| ഡിസംബർ | 24 | ചിറവക്കുളത്തിൽ, ജേക്കബ് ശമുവേൽ |
| **എരുമക്കാട് ഇമ്മാനുവേൽ** | | **3.30 പി.എം** |
| ഒക്ടോബർ | 08 | കാലായിൽ, സ്കറിയാ വർഗീസ് |
| നവംബർ | 12 | ശാന്തിയിൽ ചരിവുകാലാ, തോമസ് മാത്യു |

| | | |
|---|---|---|
| ഡിസംബർ | 10 | കുമ്പളപ്പള്ളിൽ, വർഗീസ് ജോർജ് |
| **ഉാക കിഴക്ക് വടക്ക്** | | **4.00 പി.എം** |
| ഒക്ടോബർ | 01 | മുട്ടത്തുശേരിൽ, കുഞ്ഞമ്മ തോമസ് |
| | 08 | കളീയ്ക്കൽ, ജോർജ് ഫിലിപ്പ് |
| | 15 | മലയിൽ കുറ്റിയിൽ, റവ. കെ. എ. തോമസ് |
| | 22 | കുന്നമ്പള്ളിൽ. സി.എ. മാത്യു |
| | 29 | കണിയാംപറമ്പിൽ, മറിയാമ്മ ഏബ്രഹാം |
| നവംബർ | 05 | മുട്ടത്തുശേരിൽ റെജി വില്ല, ഏബ്രഹാം തോമസ് |
| | 12 | കണിയാംപറമ്പിൽ റെനി വില്ല, ജോൺ ജോൺ |
| | 19 | പുതിയവീട്ടിൽ, പി.ജെ.ജോർജ് |
| | 26 | കണിയാംപറമ്പിൽ സന്തോഷ് ഭവൻ, വർഗീസ് ജോൺ |
| ഡിസംബർ | 03 | കണിയാംപറമ്പിൽ ന്യൂ ഹൗസ്, കെ.ജെ തോമസ് |
| | 10 | ഇരപ്പൻകാലായിൽ, പി.പി. ശമുവേൽ |
| | 17 | ഇടത്തിമലയിൽ, ഇ.വി.ജോണിക്കുട്ടി |
| | 24 | മുറിപ്പുരയ്ക്കൽ ഷാലോം, എം.ജി. വർഗീസ് |
| | 31 | മേക്കോൺ കണ്ണങ്ങാട്ട്, മേരിക്കുട്ടി ജോർജ് |
| **ഉാക പള്ളി ഭാഗം** | | **4.00 പി.എം** |
| ഒക്ടോബർ | 01 | നാലുപറയിൽ, എൻ.റ്റി. ചാക്കോ |
| നവംബർ | 12 | മൊട്ടയ്ക്കൽ, റെജി ജോർജ് |
| ഡിസംബർ | 03 | ഓട്ടാനിയ്ക്കൽ, തോമസ് വർക്കി |
| **ഉാക പടിഞ്ഞാറ് ശാലേം** | | **4.00 പി.എം** |
| ഒക്ടോബർ | 08 | വെമ്മേലിൽ തടത്തിൽ, ശമുവേൽ മാത്യു |
| | 22 | തടത്തുകാലായിൽ, തങ്കമ്മ തോമസ് |
| നവംബർ | 12 | കോട്ടയ്ക്കകത്തുമലയിൽ, രാജു ചാക്കോ |
| | 26 | കോട്ടയ്ക്കകത്തുമലയിൽ, റെജി ചെറിയാൻ |
| ഡിസംബർ | 10 | കോട്ടയ്ക്കകത്തുമലയിൽ, കെ.റ്റി. തോമസ് |
| | 24 | കോട്ടയ്ക്കകത്തുമലയിൽ, തോമസ് ജോൺ |
| **ഉാക കിഴക്ക് തെക്ക്** | | **4.00 പി.എം** |
| ഒക്ടോബർ | 01 | പുത്തൻപറമ്പിൽ, ജേക്കബ് മാത്യു |
| | 15 | പുത്തൻപറമ്പിൽ, വർഗീസ് മാത്യു |
| | 29 | പുത്തൻപറമ്പിൽ, പി.സി. തോമസ് |
| നവംബർ | 05 | അണ്ടത്തേത്ത് മലയിൽ, എ.ജെ. ശമുവേൽ |
| | 14 | കണിയാംപറമ്പിൽ, ലീലാമ്മ ജോർജ് |
| ഡിസംബർ | 24 | പനംതോടത്ത് സുജു ഭവൻ, സുജു മാത്യു |